No. CEE/5354/2018/PGM-2019/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## പി.ജി.മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2019–20
## ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെയും, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി) ലേയും, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയും പി.ജി മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി 06.04.2019–ന് പരിഷ്കരിച്ച് പ്രസിദ്ധീകരിച്ച കേരളാ സ്റ്റേറ്റ് മെരിറ്റ് ലിസ്റ്റിലെ അപേക്ഷാർത്ഥികളുടെ റാങ്കിന്റെയും അവർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ നൽകിയ ഓൺലൈൻ ഓപ്ഷനുകളുടെയും അടിസ്ഥാനത്തിലുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ മേൽ വെബ്സൈറ്റിൽ നിന്നും അലോട്ട്മെന്റ് മെമ്മോയുടെ പ്രിൻൗട്ട് എടുക്കേണ്ടതും അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് 08.04.2019 മുതൽ 12.04.2019 വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റായോ തെരഞ്ഞെടുക്കപ്പെട്ട ഹെഡ് പോസ്റ്റ് ഓഫീസുകളിലോ ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 08.04.2019 മുതൽ 12.04.2019 വരെയുള്ള തീയതികളിൽ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതുമാണ്. നിശ്ചിത തീയതിക്കകം ഫീസ് ഒടുക്കി കോളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ഹയർ ഓപ്ഷനുകളും നഷ്ടപ്പെടുന്നതാണ്.

12.04.20119 വൈകുന്നേരം 5 മണിക്ക് മുമ്പ് ബന്ധപ്പെട്ട മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് പ്രിൻസിപ്പൽമാർ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം മുഖേന പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

കുടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. **0471-2339101, 2339102, 2339103, 2339104.**

Seetha

തിരുവനന്തപുരം
06.04.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**